SDOF SUNDAY

Vol. 01 No. 10 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 July 26

സൗഹൃദത്തിൽ നിന്ന് യഥാർത്ഥ കൂട്ടാഴ്മയിലേക്ക് വളരുക: ജോസഫ് മാർ ദീവന്നാസ്യോസ്

പുത്തൂർ: SDOF കൊല്ലം ഭദ്രാസന, പുത്തൂർ ഗ്രൂപ്പ് സമ്മേളനം പുത്തൂർ കാരിക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ജൂലൈ 19-നു നടന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് യോഗം ഉദ്ഘാടനം ചെയ്തു. ഈ കാലഘട്ടത്തിൽ വെറും നൈമിഷിക സൗഹൃദങ്ങൾ മാത്രമാണുള്ളതെന്നും, ആയതിനാൽ സൗഹൃദത്തിൽ നിന്നും യഥാർത്ഥ കൂട്ടായ്മയിലേക്കു വളരണമെന്നും, ത്യാഗം സഹിക്കാൻ ദൈവത്തോടും, സഭയോടും, സമസൃഷ്ടിയോടും കൂട്ടായ്മ ആചരിക്കേണ്ടതാണെന്നും, തിന്മകളെ ഉന്മൂലനം ചെയ്യണമെന്നും മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു. കേന്ദ്ര ട്രഷററർ അഡ്വ. ഉമ്മൻ ജോൺ മുഖ്യസന്ദേശം നൽകി. യോഗത്തിൽ നെൽസൺ ജോൺ കോർഎപ്പിസ്കോപ്പാ, കേന്ദ്ര പബ്ലിഷറും ഭദ്രാസന വൈസ് പ്രസിഡന്റുമായ ഫാ. കോശി വൈദ്യൻ, ഗ്രൂപ്പ് പ്രസിഡന്റ് ഫാ. റ്റി. തോമസ്കുട്ടി, ഭദ്രാസന സെക്രട്ടറി സജി ജോൺ, ട്രഷറർ സുനിൽ അലക്സ് വൈദ്യൻ, ബിൻസി ജോൺസൺ, ജയ്മോൾ രാജു, ലിജി സജി, ഷാലു ജോൺ, ജോർജ്കുട്ടി യോഹന്നാൻ, ഡാനിയേൽ കുട്ടി, റോയ് പുത്തൂർ എന്നിവർ പ്രസംഗിച്ചു.

കാരൂർ സെൻറ് പീറ്റേഴ്സ് ഓർത്തഡോക്സ് ദേവാലയത്തിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തനോദ്ഘാടനം കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. സജിത തോമസ്, സജു പി ജോർജ്, കേന്ദ്ര സെക്രട്ടറി ഷിബു കെ. എബ്രഹാം, ജോസഫ് ടി. ഈപ്പൻ, ഫാ. ലിനു എം. ബാബു, ബിജു എം. തോമസ്, സജി നൈനാൻ എന്നിവർ സമീപം.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ബോംബെ ഭദ്രാസന ഉദ്ഘാടനം

മലാഡ്: സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ബോംബെ ഭദ്രാസന ഉത്ഘാടനം ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. മലാഡ് സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടന്ന സമ്മേളനത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സജീവ് കെ. വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറിയായി ഷിജു കെ തോമസ് (മലാഡ്). ജോയിന്റ് സെക്രട്ടറിയായി റോസി രാജു (സാക്കിനാക്ക) ട്രഷറർ ആയി തോമസ് വർഗ്ഗീസ് (വസായ്) എന്നിവരെയും കേന്ദ്ര പ്രതിനിധികളെയും സോണൽ കോർഡിനേറ്റർ മാരെയും തിരഞ്ഞെടുത്തു, ഫാ. ജെറിൻ ജോൺ, ക്യാപ്റ്റൻ ജോജു അലക്സ് എന്നിവർ പ്രസംഗിച്ചു.

സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ അടൂർ-കടമ്പനാട് ഭദ്രാസന വാർഷിക സമ്മേളനം ഡോ. സഖറിയാസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ് മാത്യൂ അധ്യക്ഷത വഹിച്ചു. യോഗത്തിൽ അടൂർ ആർ.ഡി.ഒ. ബിനുരാജ് തെക്കേഭാഗത്ത് മുഖ്യ സന്ദേശം നൽകി. സഭാ മാനേജിംഗ് കമ്മറ്റി അംഗം ഫാ. ഫിലിപ്പോസ് ഡാനിയേൽ, കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക ്സ് കത്തീഡ്രൽ വികാരി ഫാ. ഡോ. അലക്സാണ്ടർ കൂടാരത്തിൽ, ഭദ്രാസന സെക്രട്ടറി ഷെല്ലി ബേബി, എക്സൈസ് പ്രിവന്റീവ് ഓഫീസർ ബിനു വി. വർഗീസ്, കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം, കേന്ദ്ര ട്രഷറാർ ഉമ്മൻ ജോൺ, ബേബി, റീജിയണൽ സെക്രട്ടറി ബിജു വർഗീസ്, ഭദ്രാസന ട്രഷറാർ ലാൻസി കെ. തരകൻ, ഇടവക ട്രസ്റ്റി രാജു തോമസ് തയ്യിൽ, യൂണിറ്റ് സെക്രട്ടറി ബിനു ചരിഞ്ഞകാലായിൽ, ഭദ്രാസന ജോയിന്റ് സെക്രട്ടറി ഡോ. ബിജി ആനി തോമസ് എന്നിവർ പ്രസംഗിച്ചു.

SDOF SUNDAY

Vol. 01, No. 10, 2026 July 26

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan

Chief Editor
Raj Philip

Editorial Board Members

Prinu T Mathews
Santhosh Daniel

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

130–ാം സങ്കീർത്തനം

ആഴമായ നിലവിളിയും വചനാധിഷ്ഠിതമായ ജീവിത പ്രത്യാശയും, കൃപയ്ക്കും വീണ്ടെടുപ്പിനും

യിസ്രായേലിന്റെ രണ്ടാം അധിപനായിരുന്ന ദാവീദോ ബാബിലോൺ പ്രവാസകാലത്തോ രചിച്ച ആരോഹണഗീതങ്ങളിൽ ഒന്നാണ് 130–ാം സങ്കീർത്തനം. ജീവിതത്തിന്റെ ആഴമായ സങ്കടങ്ങളുടെ സാഹചര്യത്തിൽ നടത്തുന്ന ഭക്താപേക്ഷയും ദൈവത്തിങ്കൽ നിന്നുള്ള വരപ്രസാദത്തിന്റെ പ്രത്യാശയുമാണ് ഇതിന്റെ ഇതിവൃത്തം.

സംഗ്രഹം:

a) ആഴങ്ങളിൽ നിന്നുള്ള നിലവിളി സങ്കീ. 130 : 1–2
b) പാപവും ക്ഷമയും സങ്കീ. 130 :3–4
c) പ്രത്യാശയും വചനവും സങ്കീ. 130: 5–6
d) ഇസ്രായേലിനായുള്ള വീണ്ടെടുപ്പ് സങ്കീ. 130 : 7–8

I. ആഴങ്ങളിൽ നിന്നുള്ള നിലവിളിയിലെ ആത്മനിറവും പ്രത്യാശയും:-

സങ്കീ. 130:1 യഹോവേ, ആഴങ്ങളിൽ നിന്ന് ഞാൻ നിന്നോടു നിലവിളിക്കുന്നു.

സങ്കീ. 130:7 യിസ്രായേലേ, യഹോവയിൽ പ്രത്യാശവെച്ചുകൊൾക:

ആൾക്കൂട്ടത്തിൽ നിന്ന് അന്യപ്പെട്ടു നിൽക്കുന്ന ഏകാന്തപഥികന്റെ വികാരഭരിതമായ വാക്കുക ളല്ല, പിന്നെയോ യരുശലേം തീർത്ഥാടക സമൂഹത്തിന്റെ മുഴുവൻ നിലവിളിയിങ്കൽ കണ്ണുനീർ കടലായിത്തീർന്ന യാചനയാണിത്.

എന്താണ് ആഴങ്ങളിൽ നിന്നുള്ള നിലവിളി?

ദൈവസന്നിധിയിൽ ആത്മാവിന്റെ അടിത്തട്ടിൽ നിന്നുയരുന്ന നിലയ്ക്കാത്ത വിളി. പൗരസ്ത്യ പാരമ്പര്യത്തിൽ മുറതെറ്റാതെ നടത്തേണ്ട പ്രാർത്ഥനയുടെയും നിരതെറ്റാതെ അർപ്പിക്കേണ്ട നമ സ്കാരങ്ങളുടെയും സൂചന: വാക്കുകളുടെ അഗാധമായ സൗന്ദര്യത്തെക്കാൾ ഉപരി, ഹൃദയം കൊണ്ടുള്ള ആരാധന എന്ന് വിശേഷിപ്പിക്കുവാൻ കഴിയും:-

1.) പാപത്തിന്റെ ആഴം

സങ്കീ. 38:4 എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കുമേൽ പെരുകിയിരിക്കുന്നു.

The depth are not just circumstances. The deepest depth is our Sin before a holy God. 2 ശമുവേൽ 11–ൽ ദാവീദിന്റെ ഘോരമായ പാപത്തെക്കുറിച്ച് വിവരിക്കുകയാണ്. പിന്നീട് ദാവീദ് പറയുകയാണ് എന്റെ അകൃത്യങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എന്റെ നേരെയുമിരിക്കുന്നു.

2. ദുഃഖത്തിന്റെ ആഴം

ആത്മാവിന്റെ സ്വസ്ഥത കെടുത്തുന്ന പ്രിയപ്പെട്ടവരുടെ വിയോഗം, വിട്ടുമാറാത്ത രോഗം, കടബാദ്ധ്യത, മക്കളുടെ ലക്ഷ്യബോധം തെറ്റിയുള്ള പോക്ക്:

എന്നീ കാരണത്താൽ ജീവിതത്തിൽ കടന്നു വരുന്ന വെല്ലുവിളികൾ. സങ്കീർത്തനം 88:6 നീ എന്നെ ഏറ്റവും താണ കുഴിയിലും ഇരുട്ടിലും ആഴങ്ങളിലും ഇട്ടിരിക്കുന്നു. യോന 2:3

3. പാതാളത്തിന്റെ ആഴം:

സങ്കീ. 88:13 നീ എന്റെ പ്രാണനെ അധമ പാതാളത്തിൽ നിന്ന് രക്ഷിച്ചിരിക്കുന്നു.

The deep is not hell. The deep is where you feel God is far way.

സങ്കീ. 34:18.

4. സാഹചര്യത്തിന്റെ ആഴം യോന 2:2

ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോടു നിലവിളിച്ചു. അവൻ എനിക്കു ഉത്തരമരുളി. സങ്കീ. 69:15

യിരെമ്യാവ് 38:6

യൗസേഫിനെ പൊട്ടക്കിണറ്റിന്റെ വ്യാപ്തിയും ദാനിയേലിനെ സിംഹക്കുഴിയിലൂടെ കടത്തി വിട്ടതും മൂന്നു പൈതങ്ങൾ അഗ്നിചൂളയുടെ അഗാധങ്ങളിൽ എറിയപ്പെട്ടതും സുരക്ഷിതത്വത്തിന്റെ സാഹചര്യത്തിൽ നിന്ന് അന്യപ്പെടുത്തുവാനായിട്ടായിരുന്നില്ല പിന്നയോ മഹത്വത്തിന്റെ ആലയ ങ്ങളാക്കി മാറ്റുവാനായിട്ടായിരുന്നു.

5. നിരാശയുടെ ആഴം: സങ്കീ. 130 :3 യഹോവേ, നീ അകൃത്യങ്ങളെ ഓർമ്മവെച്ചാൽ, കർത്താവേ, ആരു നിലനിൽക്കും?

II. മനുഷ്യന്റെ കാത്തിരിപ്പും ദൈവത്തിന്റെ കൃപയും വീണ്ടെടുപ്പും.

സങ്കീർത്തനം 130:5 ഞാൻ യഹോവയ്ക്കായി കാത്തിരുന്നു. എന്റെ ഉള്ളം കാത്തിരിക്കുന്നു. സങ്കീ. 130:7 അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ട്.

ദൈവത്തിന്റെ പക്കൽ സമൃദ്ധമായ വീണ്ടെടുപ്പ് ഉള്ളതിനാൽ, ക്ഷമയോടും വിശ്വസ്തതയോടും പ്രാർത്ഥനയോടും പ്രത്യാശയോടും അവന്റെ അടുക്കൽ കാത്തിരിക്കുന്ന അനുഭവമാണ് സങ്കീർ ത്തനക്കാരൻ ഉദ്ദേശിക്കുന്നത്. തീത്തോസ് 2:14 അവൻ നമ്മെ സകല അധർമ്മത്തിൽ നിന്ന് വീണ്ടെടുത്ത്.....

C.H. Spurgeon പറയുന്നു “God’s mercy is not a drop, but an Ocean.” *(ശേഷം അഞ്ചാം പേജിൽ)*



ശിശുക്കൾ താഴ്മയ്ക്കു ദൃഷ്ടാന്തം

(പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ. ശൂനോയോ നോമ്പ് (15 നോമ്പ്) ആരംഭം)

വി. മത്തായി 18:1–14

ഗീവർഗീസ് മാർ പീലക്സിനോസ്

എളിയവരേയും ചെറിയവരേയും ആദരിക്കേണ്ടതിന്റെ ആവശ്യകത യേശു ക്രിസ്തു പഠിപ്പിക്കുന്നതാണ് ഇന്നത്തെ വി. സുവിശേഷഭാഗം (വി. മത്തായി 18:1-14). തന്റെ ശിഷ്യന്മാരെയും ജനങ്ങളെയും താഴ്മയും വിനയവും പഠിപ്പിക്കുവാൻ യേശു ഉപയോഗിച്ച ദൃഷ്ടാന്തമാണ് ശിശുക്കൾ. എളിയവരോടുള്ള ആദരവിന്റെ സൂചകമായിട്ടാണ്, ശിശുക്കളെ കർത്താവ് സ്നേഹിച്ചതും വാത്സല്ലിച്ചതും. ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുമെന്ന ക്രിസ്തീയ ജീവിതത്തിന്റെ മർമ്മപ്രധാനമായ ആദർശവാക്യം ഇവിടെ കാണാം.

ശിശുക്കൾ താഴ്മയ്ക്കു ദൃഷ്ടാന്തം

സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആരെന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് യേശുവിന്റെ മറുപടി ശ്രദ്ധേയമാണ്. ഒരു ശിശുവിനെ അടുക്കൽ വിളിച്ചു അവരുടെ നടുവിൽ നിർത്തിക്കൊണ്ടാണ് കർത്താവ് പറയുന്നത് 'നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല' (വാ. 3).

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു ശിശുവിനെപ്പോലെ തിരിയണം. പ്രവേശനത്തിനുശേഷമാണല്ലോ അവിടെ വലിയവൻ ആര്? ചെറിയവൻ ആര്? എന്ന ചോദ്യത്തിനു പ്രസക്തിയുള്ളത്. ഹൃദയവിശുദ്ധിയും നൈർമ്മല്യവും ഉള്ളവർക്കാണ് ദൈവരാജ്യപ്രവേശനം ലഭിക്കുന്നത്. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും' (വി. മത്തായി 5:8). ശിശുക്കൾ ഹൃദയവിശുദ്ധി ഉള്ളവരാണ്. നിഷ്കളങ്കതയും നൈർമ്മല്യവും ഉള്ളവർ. എല്ലാവരെയും സ്നേഹിക്കുവാനും എല്ലാറ്റിലും സന്തോഷിക്കുവാനും അറിയുന്നവർ. പാപവും ദോഷവും ഇല്ലാത്തവർ.

എല്ലാ മനുഷ്യർക്കും ശിശുസഹജമായ സ്വഭാവങ്ങൾ ഉള്ളവരായിരുന്നു. ആ സ്വഭാവത്തിലേക്ക് തിരിയണം എന്നതാണ് ദൈവരാജ്യപ്രവേശനത്തിന് യേശു ക്രിസ്തു മുന്നോട്ടു വയ്ക്കുന്ന മാനദണ്ഡം. സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള വ്യവസ്ഥകളിൽ ഒന്നാണിത്. മറ്റു വ്യവസ്ഥകൾ വി. വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ട്.

സഹതാപപൂർവ്വമായ സേവനം (വി. മത്തായി 25:34,35), സ്ഥിരത (വി. ലൂക്കോസ് 9:62), പുതുജനനം (വി. യോഹന്നാൻ 3:3), സഹിഷ്ണുത (അപ്പോ. പ്ര. 14:22, 2 തെസ്സ. 1:5), വിശ്വാസവും സ്നേഹവും (യാക്കോബ് 2:5) തുടങ്ങിയവയെല്ലാം സ്വർഗ്ഗരാജ്യപ്രവേശന വ്യവസ്ഥകൾ ആണ്.

ഇടർച്ച വരുത്തുന്നവർക്കെതിരെ മുന്നറിയിപ്പ്

ഇടർച്ചകൾ എല്ലാകാലത്തും ഉണ്ടാകും. ഇടർച്ചകൾ ഇല്ലാത്ത സമൂഹത്തെ കാണുവാൻ സാധിക്കുകയില്ല. ഇടർച്ചകൾ വരുന്നത് ആവശ്യമെന്നും ഇടർച്ചകൾ വരാതിരിക്കുന്നത് അസാദ്ധ്യമെന്നും യേശു പറയുന്നു (വാ. 7). പക്ഷേ ഇടർച്ചകൾ ആരു മുഖാന്തരമാണോ ഉണ്ടാകുന്നത് അവർക്ക് കഷ്ടമെന്നും കർത്താവ് വെളിപ്പെടുത്തുന്നു.

ചെറിയവരേയും എളിയവരേയും ബഹുമാനിക്കാതെ, അവർക്ക് സങ്കടവും ദുഃഖവും കൊടുത്ത് ഇടർച്ച വരുത്തുന്നവർക്കെതിരെ യേശുവിന്റെ ശക്തമായ താക്കീതും അവർക്കുള്ള ശിക്ഷയും ഇവിടെ കാണാം. യേശുക്രിസ്തുവിനെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന എളിയവർക്ക് ഇടർച്ച വരുത്തുവാൻ ഇടയാകരുത്. 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്' (വാ. 6).

പാവപ്പെട്ടവരോടും എളിയവരോടും ബഹുമാനം കാണിക്കേണ്ടത് എല്ലാ മനുഷ്യരുടെയും കടമയാണ്. സാമ്പത്തികമായും ശാരീരികമായും മാനസികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും നമ്മേക്കാൾ താഴെയുള്ളവരെയാണ് എളിയവർ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. അവരെ അവഗണിക്കുകയോ തള്ളിക്കളയുകയോ അവരുടെ വ്യക്തിത്വത്തെ പരിഹസിക്കുകയോ ചെയ്യുന്നവർക്കുള്ള ശിക്ഷയാണ് കർത്താവ് പറയുന്നത്. 'എളിയവരെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും' (സങ്കീർത്തനം 41:1).

സമൂഹത്തിൽ ന്യൂനപക്ഷമായിരിക്കും ഇടർച്ചകൾ ഉണ്ടാക്കുന്നത്. ഭൂരിപക്ഷം ദൈവമഹത്വത്തിനും നന്മയ്ക്കും ജീവിക്കുന്നവരായിരിക്കും. ന്യൂനപക്ഷത്തിന്റെ വാക്കും പ്രവൃത്തിയും ഭൂരിപക്ഷത്തിന്റെ നന്മപ്രവർത്തനങ്ങളെ മോശമാക്കുന്നതിന് കാരണമാകാം. 'അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു' (ഗലാത്യർ 5:9).

ഇടർച്ചയ്ക്കു കാരണമാകാതിരിക്കുവാനുള്ള ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. പ. പൗലോസ് ശ്ലീഹാ പറയുന്നു: 'ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിനു ഞങ്ങൾ ഒന്നിലും ഇടർച്ചയ്ക്കു ഹേതു കൊടുക്കാതെ, സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു' (2 കോരി 6:3).

അന്വേഷിക്കുന്ന രക്ഷകൻ

കാണാതെ പോയ ആടിന്റെ ഉപമ പറയുന്ന ക്രിസ്തു (വാ. 12,13), താൻ നല്ല ഇടയൻ ആണെന്നും കാണാതെ പോകുന്നതിനെയും നഷ്ടപ്പെട്ടു പോകുന്നതിനെയും അന്വേഷിച്ച് കണ്ടെത്തി, കൂട്ടത്തിൽ ചേർക്കുന്ന രക്ഷകൻ ആണെന്നും വെളിപ്പെടുത്തുകയാണ്.

നൂറു ആടുകളിൽ ഒന്നു തെറ്റി ഉഴന്നപ്പോൾ തൊണ്ണൂറ്റിയൊമ്പതിനേയും വിട്ടിട്ട്, തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നു. അതിനെ കണ്ടെത്തി, തെറ്റിപ്പോകാത്ത തൊണ്ണൂറ്റിയൊമ്പതിലും അധികം അതിനെക്കുറിച്ച് സന്തോഷിക്കുന്നു. പാപം, രോഗം, ക്ലേശം തുടങ്ങിയവയാൽ ഒറ്റപ്പെടുന്നവരുടെ യഥാർത്ഥ രക്ഷകനാണ് ക്രിസ്തു.

മാനസാന്തരപ്പെടുന്നവർക്കും കാണാതെപോയവർക്കും വേണ്ടിയാണ് മനുഷ്യപുത്രൻ വന്നത്. 'മാനസാന്തരപ്പെടുന്ന പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും' (വി. ലൂക്കോസ് 15:7). 'കാണാതെ പോയതിനെ തിരഞ്ഞുരക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്' (വി. ലൂക്കോസ് 19:10). 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു' (1 തീമോത്തി 1:15).

യിസ്രായേൽ ജനതയെ ആട്ടിൻകൂട്ടമായി ദൈവം കണക്കാക്കിയിരുന്നു. 'എന്റെ ജനം കാണാതെ പോയ ആടുകൾ ആയിത്തീർന്നിരിക്കുന്നു' (യിരെമ്യാവ് 50:6). 'യിസ്രായേൽ ചിന്നിപ്പോയ ആട്ടിൻകൂട്ടം ആകുന്നു' (യിരെമ്യാവ് 50:17). 'എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നു നടന്നു' (യെഹെസ്കേൽ 34:6). 'അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടു' (വി. മത്തായി 9:36). 'യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല' (വി. മത്തായി 15:24). 'നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു' (1 പത്രോസ് 2:25).

ശൂനോയോ നോമ്പ് ആരംഭം

ആഗസ്റ്റ് മാസം ഒന്നു മുതൽ പതിനഞ്ച് വരെ ശൂനോയോ നോമ്പ് ദിനങ്ങളാണ്. ശൂനോയോ എന്ന വാക്കിന്റെ അർത്ഥം വാങ്ങിപ്പ് എന്നതാണ്. പ. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ എല്ലാ വർഷവും ആഗസ്റ്റ് 15-ാം തീയതി ആണ് പ. സഭ ആചരിക്കുന്നത്. ആയതിനു മുന്നോടിയായും ഒരുക്കമായും ആണ് പതിനഞ്ച് നോമ്പ് ആചരണം ക്രമീകരിച്ചിട്ടുള്ളത്. ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനേക്കാൾ പ്രാധാന്യവും വലിപ്പവും പ. മാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനാണ് പ. സഭ കല്പിച്ചിരിക്കുന്നത്.

❑

കുരിശിന്റെ അർത്ഥവും വ്യാപ്തിയും

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കുരിശിന് മഹത്തരമായ പ്രാധാന്യം ക്രൈസ്തവ സഭകൾ നൽകുന്നു. വേദപുസ്തകാധിഷ്ഠിതവും, വേദശാസ്ത്രപരവുമായി അഗാധ അർത്ഥം വെളിവാക്കുന്ന 'കുരിശ്' മതചിഹ്നമോ സാംസ്കാരിക അടയാളമോ മാത്രമല്ല, ക്രിസ്തുവിന്റെ കഷ്ടാനുഭവം, ക്രൂശുമരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ സമഗ്രവും ഏകവുമായ പ്രതീകമാണ് – കുരിശ്.

1. കുരിശിന്റെ പ്രാധാന്യം എന്ത്?

ലാറ്റിൻ ഭാഷയിലെ ക്രൂസിൽ (Crux) നിന്നുമാണ് ക്രോസ് (Cross) എന്ന വാക്ക് ഉത്ഭവിച്ചത്. ഇതിന് സർവ്വ പ്രധാനം, അത്യന്താപേക്ഷിതം, അടിസ്ഥാനപരം എന്നെല്ലാം അർത്ഥമുണ്ട്. അതിനാൽ കുരിശ്, യേശുക്രിസ്തുവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ്, ക്രൂശാരോഹണം എന്നിവയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ക്രിസ്തിയ വിശ്വാസത്തിന്റെ മറ്റ് പ്രമാണങ്ങൾ എല്ലാം പണിതുയർത്തിയിരിക്കുന്നത്, 'നശിച്ചുപോകാത്ത' കുരിശിന്റെ അടിത്തറയിലാണെന്ന് യറുശലേമിലെ വിശുദ്ധ കൂറിലോസ് (C. 348 - 87) പഠിപ്പിക്കുന്നു. പഴയ നിയമത്തിലെ പല സംഭവങ്ങളും പ്രവചനങ്ങളും കുരിശിന്റെ രക്ഷാകരമായ പദ്ധതിയെ മുൻകൂട്ടി വെളിപ്പെടുത്തുന്നതായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു.

'സംഹാര ദൂതനെ തടയുന്നതിന് കറുമ്പടി മേലും കട്ടിളക്കാൽ മേലുമുള്ള രക്തം തേക്കൽ (പുറ. 12 .23), മോശ കയ്യിൽ ധരിച്ച അടയാളവും' കണ്ണുകളുടെ നടുവിലെ നെറ്റിപ്പട്ടയും (പുറ. 14.6), ശത്രുക്കളുടെ പരാജയത്തിനായി മോശയുടെ കൈ ഉയർത്തലും (പുറ. 17: 8 – 15), മരുഭൂമിയിൽ മോശ നാട്ടിയ പിത്തള സർപ്പവും (സംഖ്യ 21. 6 – 9), കുരിശിന്റെ മുൻകുറികളാണ്. മരത്തിൽ തൂങ്ങി മരിച്ചവർ ശാപഗ്രസ്തർ (പുറ. 21 . 22), മിശിഹായുടെ കഷ്ടാനുഭവ ദർശനം (സങ്കീ. 22), നെറ്റിയിലെ രക്ഷകരമായ അടയാളം (യെഹസ്കിയേൽ 9:3-6) എന്നിവ കുരിശിനെ പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയുടെ അടയാളമായി വ്യാഖ്യാനിക്കുന്നു.

കുരിശിന്റെ മഹത്തായ ദർശനം യേശു വെളിപ്പെടുത്തുന്നത് 'ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക' എന്ന പ്രഖ്യാപനത്തിലാണ് (മത്തായി 10:38-39, 16:24-25, മർക്കോസ് 8:34-35, ലൂക്കോസ് 9:23-24, 14:27). "ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കുള്ള സന്ദേശം 'വരിക, ക്രൂശിക്കപ്പെടുക' എന്നതാണെന്ന് ശിഷ്യത്വത്തിന്റെ വില നിർണ്ണയപ്പെടുത്തി" ഡിട്രിച്ച് ബോൺഹോഫർ (1906 – 1945) വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ശിഷ്യത്വത്തിലേക്കുള്ള വിളി 'വരിക ക്രൂശിക്കപ്പെടുക' എന്ന ആഹ്വാനമാണ്. യേശുവിനെ അനുഗമിക്കുന്നവർ കുരിശിന്റെ വഴി തിരഞ്ഞെടുക്കണം. നിന്ദയും തിരസ്ക്കാരവും മുൾക്കിരീടവും കുരിശിന്റെ വഴിയാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത കുരിശിന്റെ ജീവിതമാണ്. പരസ്യ ശുശ്രൂഷയിൽ മൂന്നു പ്രാവശ്യം യേശു പീഡാനുഭവത്തേയും, ക്രൂശു മരണത്തേയും സൂചിപ്പിക്കുന്നു. (മത്താ 16:21, 17:22, 22-23, 20:18-19). യേശുവിനെ പിൻപറ്റിയവർ 'ക്രൂശിനെ' സ്വീകരിക്കുവാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ശിഷ്യത്വം കുരിശ് എടുക്കുന്നതിന്റേതാകണമെന്ന് ആഹ്വാനം ചെയ്യുന്നു (ലൂക്കാ 9:22-24).

യേശുവിന്റെ ശിഷ്യത്വത്തിന്റെ അടയാളം 'കുരിശാണ്.' അനുഗമിക്കുവാൻ ഇച്ഛിക്കുന്നവർ കുരിശു വഹിക്കണമെന്നത് നിർബന്ധമാണ്. കുരിശിൽ നിറയുന്നത് സ്നേഹവും ക്ഷമയും സഹനവുമാണ്. ഇത് രക്ഷയ്ക്കുള്ള വഴിയാണ്. ക്രിസ്തു ഇല്ലാത്ത കുരിശും കുരിശില്ലാത്ത ക്രിസ്തീയതയും ക്രിസ്തുശിഷ്യത്വത്തിന്റെ വിളിയെ തിരസ്ക്കരിക്കുന്നു.

കുരിശിന്റെ അടയാളം ക്രിസ്തുവിന്റെ മഹത്തരമായ രണ്ടാം വരവിന്റെ പ്രതീകമായും (യെശ 11:10-12, മത്തായി 24:30) ആശീർവാദത്തിന്റെ ചിഹ്നമായും, അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്റെ ഭാവമായും കണക്കാക്കുന്നു. കൈകൾ അല്പം ഉയർത്തി പിടിക്കുമ്പോൾ ലഭ്യമാകുന്നതും കുരിശിന്റെ അടയാളമാണ്. വിശ്വാസത്തിന്റെ പരിചയായ കുരിശ് (എഫേ 6,16), വിശുദ്ധ മാമോദീസായിൽ കൂടി ആദ്യം ലഭ്യമാകുന്നു. കുരിശിന്റെ അടയാളം ദൈവജനത്തിന്റെ അടയാളമായി (ഗലാ. 5:11, 6:14) പഠിപ്പിക്കുന്നു. വിശുദ്ധീകരിക്കപ്പെട്ട് സഭയെ ശുശ്രൂഷിക്കുവാനും സഭയുടെ കുദാശാനുഭവത്തിൽ പങ്കുചേരുവാനും വിശ്വാസികളെ കുരിശിന്റെ അടയാളത്തിലൂടെ സജ്ജമാക്കുന്നു.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ കുരിശ് നിത്യ ജീവൻ അവകാശമാക്കുന്നതിന്റെ വാഗ്ദാനമാണ്. കുരിശിനെ ഏദൻ തോട്ടത്തിലെ ജീവ വൃക്ഷമായി താരതമ്യം ചെയ്തിട്ടുണ്ട്. (ഉൽപ്പത്തി 2:9 3 :22 – 24). വലിയ മാർ ബസേലിയോസ് (330 – 379) ക്രിസ്ത്യാനികൾ ജീവവൃക്ഷമായി തീരണമെന്ന് (സങ്കീ. 1:1-3) പ്രബോധിപ്പിക്കുന്നു. കുരിശ് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ഗോവണിയാണ് (1 തിമോ 2:5, എബ്രാ. 8:6; 9:15, 12:24). ക്രൂശിതനായ യേശുവിന്റെ ജീവിതം യാക്കോബ് കണ്ട ഗോവണിയുടെ പ്രതീകമാണ് – മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ചയുടെ അനുഭവം. കുരിശ് യേശുവിന്റെ രക്ഷാ പ്രവർത്തനങ്ങൾ സംവേദിപ്പിക്കുന്നതിന് മാത്രമുള്ളതല്ല; കുരിശ് മനുഷ്യ വർഗ്ഗത്തെ രൂപാന്തരപ്പെടുത്തുവാനുള്ളതാണ് (The cross not only informs us, but also transforms us). ക്രൂശിന്റെ അനുഭവത്തിൽ എത്തിച്ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരമുണ്ടാകുന്നത്.

ഭൗതികമോഹങ്ങളെ പരിത്യജിക്കുക, ക്രിസ്തുവിശ്വാസത്തിൽ ഉറച്ച് നിൽക്കുക (എബ്രാ 12:2-3), ക്രിസ്തു സ്നേഹം വെളിപ്പെടുത്തുക (യോഹ. 15:13) എന്നിവയിൽ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ, കുരിശിന്റെ സ്നേഹവും ശിഷ്യത്വവും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയൂ. ക്രിസ്തുവിന്റെ കുരിശ് ബലിയർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും ശുശ്രൂഷയാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമത്തിൽ മാറാനായ പെരുന്നാളും ദൈവമാതാവിന്റെ പെരുന്നാളും കഴിഞ്ഞാൽ ഏറ്റവും അധികം സ്ഥാനം സ്ലീബായ്ക്കാണ്. ഏതു ആരാധനയിലും കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കും. വിശുദ്ധ കുർബാനയിൽ ത്രോണോസിൽ ഒരു മരക്കുരിശ് നിർബന്ധമായും ഉണ്ടായിരിക്കണം. മറ്റ് കൂദാശകളിലും ശുശ്രൂഷകളിലും ഒരു കുരിശും ഇരുവശങ്ങളിൽ തിരികളും വെച്ചിരിക്കും. പ്രാർത്ഥനകൾ നടത്തുമ്പോൾ കുരിശിന്റെ സാന്നിധ്യം ഉണ്ടായിരിക്കണമെന്ന് സഭ പ്രബോധിപ്പിക്കുന്നു.

വലിയ നോമ്പിലെ 'പാതിനോമ്പിൽ' പള്ളി മദ്ധ്യത്തിൽ 'ഗോഗുൽത്താ' സ്ഥാപിച്ച് മുകളിൽ കുരിശ് വെക്കുന്നു. പാതിനോമ്പിന്റെ വിശുദ്ധ കുർബാനയോടനുബന്ധിച്ച്, സ്ലീബാ ആഘോഷം നടത്തി ചുവന്ന ഊറാറ ചുറ്റി കുരിശ് ഗോഗുൽത്തായിൽ ഭംഗിയായി പ്രതിഷ്ഠിക്കുന്നു. പാതിനോമ്പിലെ 'സ്ലീബാ ആഘോഷം', ദു:ഖവെള്ളിയാഴ്ചയിലെ സ്ലീബാ തോളിൽ താങ്ങിയുള്ള പ്രദക്ഷിണം, കുരിശ് കുമ്പിടീൽ, സ്ലീബാ ആഘോഷം, 'കബറടക്കം', ഉയിർപ്പ് പെരുന്നാളിലെ 'ഉയിർപ്പിന്റെ രഹസ്യ ശുശ്രൂഷ', സ്ലീബാ ആഘോഷം, സ്വർഗ്ഗാരോഹണ പെരുന്നാളിലെ 'സ്ലീബാ ആഘോഷം' എന്നിവയിൽ സ്ലീബായുടെ മഹത്ത്വവും പ്രാധാന്യവും വർണ്ണിക്കുന്ന പ്രാർത്ഥനകളും ശുശ്രൂഷകളും ഉൾക്കൊള്ളുന്നു. സെപ്തംബർ 14 സ്ലീബാ പെരുന്നാളായും സഭ ആഘോഷിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ആരാധനാ ക്രമീകരണങ്ങളിൽ വെള്ളിയാഴ്ചത്തെ പ്രാർത്ഥനകൾ സ്ലീബായുടെതാണ്. 'കൂദോശ് ഇത്തോ' മുതൽ കഷ്ടാനുഭവ ആഴ്ചവരെ, ഞായറാഴ്ച യാമ പ്രാർത്ഥനകളും സ്ലീബായുടേതാണ്. ആരാധനയിൽ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും... തുടങ്ങിയ 'ത്രിത്വ സ്തുതിയിലും' കുരിശു വരയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നു. വാങ്ങിപ്പോയവരുടെ കബറിടത്തിൽ 'കുരിശു വയ്ക്കുന്ന' പാരമ്പര്യവും ഉണ്ട്. ഇത് 'ക്രിസ്ത്യാനി' എന്ന് ധ്വനിപ്പിക്കുന്നതിന് മാത്രമല്ല പ്രത്യാശയോടെ പുതു ജീവിതത്തിലേക്ക് കടന്ന് പോകുന്നതിനെ (pass over) അനുസ്മരിപ്പിക്കുന്നു. പ്രത്യാശയുടെയും ജീവന്റെയും അടയാളമാണിത്. കുരിശ് ക്രിസ്തീയ ജീവിതത്തിന്റെ വിജയകൊടിയും അവിഭാജ്യ ഘടകവുമാണ്.

2. കുരിശു വരയ്ക്കുന്നത് എപ്പോൾ, എങ്ങനെ; അതിന്റെ അർത്ഥം എന്ത്?

സഭാ പാരമ്പര്യത്തിൽ കുരിശു വരയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. നെറ്റിയിൽ എല്ലായ്പ്പോഴും കുരിശടയാളം വരയ്ക്കണമെന്ന് (Sign of the cross) സഭാപിതാവായ തെർത്തുല്യൻ (A.D 160 - 220) പ്രബോധിപ്പിച്ചു. ആദ്യകാലത്ത് നെറ്റിയിൽ ചെറിയ കുരിശടയാളങ്ങൾ വരയ്ക്കുമായിരുന്നു. കുരിശ് ക്രിസ്ത്യാനികളുടെ പൊതു ചിഹ്നമായത് കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി നാലാം നൂറ്റാണ്ടിൽ യേശുവിന്റെ കുരിശ് കണ്ടെടുത്തതോടു കൂടിയാണ്. കുസ്തന്തീനോസ് രാജാവ് യുദ്ധസമയത്ത് ആകാശത്ത് സ്ലീബായുടെ അടയാളം കാണുകയും അതിനെ വന്ദിക്കുകയും ചെയ്തതായി ഐതിഹ്യം ഉണ്ട്. യറുശലേമിലെ കൂറിലോസ് (313-386) യേശുവിന്റെ കുരിശ് ഊർശ്ലേമിൽ ഉള്ളതായും അതിന്റെ അംശങ്ങൾ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയതായും രേഖപ്പെടുത്തിയിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടോടെയാണ് വലതു കൈയുടെ മൂന്നു വിരലുകൾ കൂട്ടിപ്പിടിച്ച് നെറ്റിയിൽ നിന്നും നെഞ്ചിലേക്കും ഇടത്തെ തോളിൽ നിന്നും വലത്തേ തോളിലേക്കും കുരിശു വരയ്ക്കുന്ന പാരമ്പര്യം വളർന്നത്.

വിശ്വാസികളുടെ കാവലിനും രക്ഷയ്ക്കും വേണ്ടി മിശിഹായുടെ ക്രൂശുമരണത്തിൽ സങ്കേതപ്പെട്ട് കഷ്ടാനുഭവങ്ങളിൽ പങ്കു ചേരുന്നതിന്റെ അടയാളമായി കുരിശു വരയ്ക്കണമെന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ പഠിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: "മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപുത്രന്റെ കുരിശു മൂലം ആകയാൽ നാം അതിനെ വന്ദിക്കേണ്ടതാകുന്നു.... മഹാ ദൈവത്തെ നമ്മുടെ ഹൃദയത്തിൽ രൂപപ്പെടുത്തിക്കൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തികൊണ്ട് ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനെയും തന്റെ കുരിശു മരണത്തേയും വന്ദിക്കുകയത്രേ" (മതോപദേശസാരങ്ങൾ 2014: 50-51).

യറുശലേമിലെ വി. കൂറിലോസിന്റെ പ്രഭാഷണങ്ങളിൽ (xiii : 36) കുരിശുവരയുടെ പ്രാധാന്യം വിവരിക്കുന്നു: "ഭക്ഷണം കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, വരുമ്പോഴും, പോകുമ്പോഴും, ഉറങ്ങുമ്പോഴും, ഉണരുമ്പോഴും, യാത്രചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും എല്ലാം കുരിശു വരയ്ക്കണം. ഓരോ കുരിശുവരയിലൂടെയും ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് സാക്ഷിക്കുന്നത്." കുരിശിലെ മരണം വഴി മനുഷ്യവർഗ്ഗത്തെ രക്ഷിച്ച ക്രിസ്തുവിന്റെ രക്ഷാപ്രവൃത്തിയെ സ്മരിക്കുന്നതാണ് കുരിശും കുരിശുവരയും. കുരിശ്, സഹനം, കബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ രക്ഷയ്ക്കുള്ള അവിഭാജ്യ ഘടകങ്ങളാണ്. കുരിശിനെ വന്ദിക്കുമ്പോൾ യേശുവിന്റെ രക്ഷാപ്രവർത്തനത്തോടുള്ള ആദരവ് സമർപ്പിക്കുകയാണ്. കുരിശ് വരയ്ക്കുകയും ആരാധനയുടെ ഭാഗമാക്കി തീർക്കുകയും ചെയ്യുമ്പോൾ കുരിശിനെയല്ല ക്രൂശിതനായ ക്രിസ്തുവിനെയാണ് ആദരിക്കുന്നത്.

അനുദിന ജീവിതത്തിൽ ഉണരുമ്പോൾ കുരിശുവരച്ച് എഴുന്നേൽക്കുന്ന പാരമ്പര്യമാണുള്ളത്. പിന്നീടാണ് പ്രാർത്ഥനയും പ്രവർത്തനവും ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ രക്ഷാ പ്രവർത്തനങ്ങളുടെ അനുസ്മരണവും ക്രിസ്തു സന്ദേശം ഉൾക്കൊണ്ട് ജീവിതത്തെ അനുനിമിഷം രൂപാന്തരപ്പെടുത്തുന്നതിനുമുള്ള ബോധ്യവുമാണ് കുരിശു വരയിലൂടെ ലഭ്യമാകുന്നത്. നിർദ്ദിഷ്ട ആരാധനാ സമയങ്ങളിൽ മാത്രമല്ല എല്ലാ ഘട്ടങ്ങളിലും ആവശ്യാനുസരണം കുരിശു വരയ്ക്കാം. "എപ്പോഴും കുരിശു വരയ്ക്കണം, കുരിശു ധരിക്കണം, കുരിശു വഹിക്കണം" എന്ന് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉപദേശിച്ചിരുന്നു. കുരിശു വരയ്ക്കുന്നത്, കുരിശു വഹിക്കുവാനും, ക്രൂശിക്കപ്പെടുവാനുമാണ്. അനുദിന ജീവിതത്തിലുണ്ടാകുന്ന തിന്മകളെയും പ്രലോഭനങ്ങളേയും സ്വാർത്ഥതകളെയും ക്രൂശിക്കുവാൻ കഴിയണം. കാൽവറിയിൽ വെളിപ്പെട്ട ക്രിസ്തുസ്നേഹത്തോടുള്ള സമ്പൂർണ്ണ സമർപ്പണമാണ് കുരിശു വരയിലൂടെ സാധ്യമാകുന്നത്. ഇത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ശക്തിയോടും നിർവഹിക്കണം. ബോധ വിചാര മനസുകളുടെ സമ്പൂർണ്ണമായ ഇടപെടൽ കുരിശുവരയിൽ സജ്ജീവമാകണം. യേശു മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു സർവ്വേശ്വരനായി വാഴുന്നു എന്ന യാഥാർത്ഥ്യം സ്ലീബാ ചിഹ്നം വിളിച്ചറിയിക്കുന്നു.

3. ആരാധനയ്ക്ക് കുരിശോ, ക്രൂശിത രൂപമോ ഉപയോഗിക്കുന്നത്?

മലങ്കര ഓർത്തഡോക്സ് ആരാധനയിൽ ക്രൂശിത രൂപങ്ങൾ ഇല്ല. ഉയിർപ്പിന്റെയും ജീവന്റെയും പ്രത്യാശയുടെയും ചിഹ്നമായ കുരിശാണ് ഉപയോഗിക്കുന്നത്. വിശുദ്ധ കുർബാനയിൽ ഒരു തടി കുരിശ് അനിവാര്യമാണ്. മറ്റ് എല്ലാ ആരാധനകളിലും ശുശ്രൂഷകളിലും കുരിശിന്റെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. യേശുക്രിസ്തുവിന്റെ കഷ്ടത, മരണം, ഉയിർപ്പ് എന്നിവ സമഗ്രമായി കുരിശ് പ്രതിഫലിപ്പിക്കുന്നതിനാൽ ക്രൂശിത രൂപങ്ങൾ ഓർത്തഡോക്സ് ആരാധനയിൽ അനുവദിക്കുന്നില്ല.

ക്രിസ്തുശരീരത്തെ (തൂങ്ങപ്പെട്ട രൂപം) കുരിശിൽ കാണിക്കുന്ന പതിവ് എട്ടാം നൂറ്റാണ്ടിനു ശേഷമാണ് ഉണ്ടായതെന്ന് ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു: "ക്രിസ്തു ക്രൂശിതനായി കിടക്കുകയല്ല, ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു എന്നുള്ളതിന്റെ പ്രതീകമായിട്ടാണ് പൗരസ്ത്യ സഭകൾ ഒഴിഞ്ഞ കുരിശ് (empty cross) പള്ളിയിൽ സ്ഥാപിക്കുന്നത്."

ഓർത്തഡോക്സ് ആരാധനയിൽ ഉപയോഗിക്കുന്ന കുരിശിൽ (സ്ലീബാ) യേശുവിന്റെ ക്രൂശിതശരീരം ഉൾക്കൊള്ളുന്നില്ല. മരണത്തിന്റെയും ഉയിർപ്പിന്റെയും സമഗ്രവും ഏകവുമായ സ്ലീബാ ചിഹ്നമാണ് ഉപയോഗിക്കുന്നത്.

സങ്കീർത്തന ധ്യാനം...

(രണ്ടാം പേജിൽ നിന്നും തുടർച്ച)

വി. മത്തായി 13:13-20 വരെയുള്ള വിതക്കാരന്റെ ഉപമയിൽ, കളകൾ പറിച്ചു കളയുവാനുള്ള ജോലിക്കാരന്റെ വ്യഗ്രതയ്ക്കെതിരായി ഗോതമ്പിന് നഷ്ടം ഉണ്ടാകാതെയിരിപ്പാൻ വയലിൽ ഗോതമ്പും കളകളും കൊയ്ത്തുവരെ ഒരുമിച്ചു വളരുവാൻ അനുവദിക്കുന്ന കൃഷിക്കാരന്റെ ക്ഷമാപൂർവ്വമായ കാത്തിരിപ്പ്, എത്രയോ ശ്രേഷ്ഠമാണ്.

40-ാം സങ്കീർത്തനം 1,2,3 വാക്യങ്ങൾ: ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരുന്നു. അവൻ എങ്കലേക്ക് ചാഞ്ഞ് എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി. എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി. എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു. നമ്മുടെ ദൈവത്തിന് സ്തുതി തന്നെ.

വി. ജോൺ ക്രിസോസ്റ്റം: കഷ്ടത്തിൽ മനുഷ്യരുടെ അടുത്തേക്കു നിരാശയോടെ ഓടരുത്. ദൈവത്തിനായി കാത്തിരിക്കുക. ദൈവം ഇടപെടാതിരിക്കുന്നത് മറന്നതുകൊണ്ടല്ല, പരീക്ഷിക്കുവാനായിട്ടാണ്.

വലിയ മാർ ബസേലിയോസ്സിന്റെ Homily on Psalm 130-ൽ ഇങ്ങനെ പറയുന്നു "Waiting is the mother of patience: Patience is the mother of hope. Hope doesn't put to Shame. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹവും സമൃദ്ധമായ വീണ്ടെടുപ്പും നമ്മുടെ എല്ലാ അകൃത്യങ്ങളിൽ നിന്നുമുള്ള വിമോചനവും പുതിയ ഇസ്രായേലിനോടുള്ള ആർദ്രത നിറഞ്ഞ മനസ്സലിവും എല്ലാം, വ്യക്തിപരമായും വചനബന്ധിതമായും പ്രത്യാശയോടെയും കാത്തിരിക്കുന്നവർക്കുള്ള ദൈവത്തിന്റെ വാഗ്ദത്ത നടപടികളാണ്. ആയതിനാൽ യഹോവയിൽ പ്രത്യാശ വച്ചുകൊൾക എന്ന ബോദ്ധ്യത്തോടെ ആഴമായ നിലവിളിയുടെ അനുഭവത്തിൽ യാചിക്കുന്ന നേരത്ത് ഉത്തരം ലഭിക്കാൻ വൈകുമ്പോൾ, ദൈവം മറന്നുപോയി എന്ന ബോദ്ധ്യമല്ല നമുക്ക് വേണ്ടത് പിന്നെയോ കുറച്ചുകൂടി നല്ലത് തരുവാൻ ദൈവം പദ്ധതിയിട്ടിരിക്കുന്നു എന്ന വിചാരമായിരിക്കണം. ആയതിനാൽ നാം ഏത് ആഴത്തിലായാലും ദൈവം അവിടെ ഉണ്ട് എന്നും, നമ്മുടെ പ്രത്യാശയോടുള്ള കാത്തിരിപ്പിൽ, കൃപയും വീണ്ടെടുപ്പും, പകർന്നു തരുമെന്നും വിശ്വസിക്കാം.

❑

The Silent Crisis in Christian Home

S. Gigy

(St. Thomas Mount Orthodox Syrian Church, Chennai)

Why We Need More Conversations and Less Screen Time

One evening, a family sat together for dinner. The television was on. The father was replying to work messages, the mother was scrolling through social media and the children were busy watching videos on their phones. They were all in the same room, yet no one was really together.

Does this sound familiar?

Technology has become an indispensable part of our lives. It helps us work, learn, stay informed and remain connected with loved ones across the globe. But somewhere along the way, many of us have unknowingly allowed our devices to replace the simple joys of conversation, laughter and togetherness.

The silence in many Christian homes today is not because families have nothing to say. It is because everyone is listening to a different screen.

As Orthodox Christians, we believe that the family is a sacred gift from God. Our homes are meant to be places where faith is lived, prayers are shared and relationships are nurtured. Yet, in the busyness of modern life, we often postpone the conversations that matter most. We ask, "Did you finish your homework?" or "What's for dinner?" but forget to ask, "How is your heart today?" or "Is there anything troubling you?"

Children may not always remember the gifts we gave them, but they will remember whether we listened to them. A husband may not need expensive surprises as much as a few uninterrupted minutes of genuine conversation. A wife may not be looking for perfect words, but for a spouse who puts down the phone, looks into her eyes, and truly listens.

Our Lord Jesus Christ constantly showed us the importance of being fully present with people. Whether He was speaking with the Samaritan woman, comforting Martha and Mary, or dining with His disciples, He gave people His undivided attention. He listened before He spoke. He loved through His presence.

St. Paul reminds us, "Let no corrupt communication proceed out of your mouth, but what is good for necessary edification, that it may impart grace to the hearers." (Ephesians 4:29). Our words have the power to heal, encourage and strengthen the people we love.

Perhaps the greatest challenge for today's Christian families is not the presence of technology, but the absence of meaningful conversations. A meal without phones, a family prayer before bedtime, a walk together after church or simply asking, "How was your day?" can slowly rebuild the connections that busy lives often weaken.

The Psalmist beautifully says, "Be still, and know that I am God." (Psalm 46:10).* In a world filled with constant notifications, perhaps God is inviting us to rediscover the beauty of stillness; not only with Him, but also with one another.

Strong Christian families are not built on perfect homes or perfect schedules. They are built on small, intentional moments, sharing a meal, praying together, forgiving quickly, laughing often and making time for one another.

Maybe the answer is not to spend less time with our phones, but to spend more quality time with the people God has lovingly placed in our lives.

Tonight, before reaching for your phone, reach for the hand of your spouse. Ask your child about their day. Sit with your parents for a few extra minutes. Pray together before you sleep.

Because years from now, our families may not remember the messages we replied to or the posts we liked; but they will always remember the moments when we chose them over our screens.

"Above all these things put on love, which is the bond of perfection." (Colossians 3:14).

പരിശുദ്ധ സഭയുടെ ദൗത്യം സമൂഹത്തിലേക്ക് വ്യാപിപ്പിക്കാൻ വിശ്വാസികൾ മുന്നിട്ടിറങ്ങണം: ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

ഇലന്തൂർ: വിശ്വാസം ആരാധനാലയങ്ങളുടെ ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങേണ്ടതല്ലായെന്നും അത് സമൂഹത്തിലേക്ക് പകരുന്ന സാക്ഷ്യജീവിതമായി വളരേണ്ടതാണെന്നും സെൻറ് ഡൈനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ പറഞ്ഞു.

കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് ദേവാലയത്തിൽ സെന്റ് ഡയനീഷ്യസ് ഫെലോഷിപ്പിന്റെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇന്നത്തെ കാലഘട്ടത്തിൽ സഭയ്ക്കും സമൂഹത്തിനും ഒരുപോലെ ആവശ്യമായത് മൂല്യബോധമുള്ള നേതൃത്വവും ഉത്തരവാദിത്തമുള്ള വിശ്വാസജീവിതവുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രാർത്ഥന, പഠനം, സേവനം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സഭയുടെ സാക്ഷ്യം കൂടുതൽ ശക്തിപ്പെടുത്താൻ എസ്.ഡി.ഒ.എഫ്. പ്രവർത്തകർ പ്രതിജ്ഞാബദ്ധരാകണമെന്നും മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു.

ഇടവക വികാരി ഫാ. ലിനു എം ബാബു അധ്യക്ഷത വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. എബ്രഹാം മുഖ്യപ്രഭാഷണം നടത്തി. ഇടവക ട്രസ്റ്റി ബിജു എം തോമസ്, ഇടവക സെക്രട്ടറി ജോസഫ് ടി ഈപ്പൻ, വൈസ് പ്രസിഡണ്ട് സജി നൈനാൻ, സെക്രട്ടറി സജു പി ജോർജ്, അജിത തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

SDOF കേന്ദ്ര അസംബ്ലി യോഗം

27/07/26 തിങ്കളാഴ്ച 8 pm ന്

SDOF ന്റെ കേന്ദ്ര അസംബ്ലി യോഗം 2026 ജൂലൈ 27 തിങ്കളാഴ്ച രാത്രി 8 മണിക്ക് ഓൺലൈനായി ചേരുന്നതാണ്.

കേന്ദ്ര പ്രസിഡന്റ് ഗീവർഗീസ് മാർ പീലക്സീനോസ് യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും.

എല്ലാ അംഗങ്ങളും കൃത്യസമയത്ത് യോഗത്തിൽ പങ്കെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

SDOF കേന്ദ്ര കമ്മിറ്റിക്ക് വേണ്ടി

ഷിബു കെ. ഏബ്രഹാം
(കേന്ദ്ര ജനറൽ സെക്രട്ടറി)

അജണ്ട

1) 20252026 ലെ വാർഷിക കണക്ക് അംഗീകരിക്കുക

2) ഓഡിറ്റ് റിപ്പോർട്ട്

3) പരിശുദ്ധ ബാവ തിരുമേനിയുടെ സഹോദരൻ പദ്ധതിയിൽ പങ്കാളിയായുള്ള ഭവന നിർമ്മാണം.

4) SDOF കേന്ദ്ര വാർഷിക സമ്മേളനം

5) ഓഫീസ് ഉദ്ഘാടനം

6) അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് പ്രസ്ഥാനത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി നിയമിതനായ മാത്യു രാജൻ. വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകനും SDOF അടൂർ - കടമ്പനാട് ഭദ്രാസനത്തിലെ ഭദ്രാസന അസംബ്ലി അംഗവുമാണ്.

വില്പനയിൽ



സഭാജീവിത നാളാഗമം

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956–1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. **350 പേജ്. വില 400 രൂപ.** പരിമിതമായ കോപ്പികൾ മാത്രം.

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.

തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് SDOF യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം

തോട്ടപ്പുഴ: ചെങ്ങന്നൂർ ഭദ്രാസനത്തിലെ തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് SDOF യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം നടത്തപ്പെട്ടു. ജൂലൈ 19 ഞായറാഴ്ച ഇടവക വികാരി ഫാ. വൈ. തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ, SDOF ചെങ്ങന്നൂർ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സുനിൽ ജോസഫ് പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. SDOF ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി അനിൽ പി. അച്ചൻകുഞ്ഞ് മുഖ്യസന്ദേശം നൽകി. ഭദ്രാസന ജോയിന്റ് സെക്രട്ടറി വത്സമ്മ വർഗീസ്, ഉമയാറ്റുകര ഡിസ്ട്രിക്റ്റ് സെക്രട്ടറി ഷാജി മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് സെക്രട്ടറി മനു റ്റി. തോമസ്, പന്തളം ഡിസ്ട്രിക്റ്റ് സെക്രട്ടറി മോളി ജോർജ് എന്നിവർ സന്നിഹിതരായിരുന്നു. യൂണിറ്റ് വൈസ് പ്രസിഡന്റ് തോമസ്. പി. രാജൻ സ്വാഗതവും, സെക്രട്ടറി മോൻസി പെരുമാൾ നന്ദിയും അറിയിച്ചു.

ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ. സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് യൂണിറ്റിന്റെ പ്രവർത്തന ഉൽഘാടനം ഇടവക വികാരി ഫാ. ബിജു ഡാനിയേലിന്റെയും സഹ പട്ടക്കാരായ ഫാ. ജാക്സൺ എം. ജോൺ, ഫാ. ബിനിഷ് ബാബു എന്നിവരുടെ നേതൃത്വത്തിൽ നടത്തപെട്ടു. യൂണിറ്റ് സെക്രട്ടറി ഷാജിമോൻ എം., ട്രഷറർ ഷിജു ഡാനിയേൽ, ലേഡി കോ-ഓർഡിനേറ്റർ മായാ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.

കരുതൽ പദ്ധതി

കുറോപ്പട സെന്റ്. ജോൺസ് ദേവാലയത്തിലെ സെന്റ്. ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്ന 'കരുതൽ' പദ്ധതി ഒരു വർഷം പൂർത്തിയായി.

പരിശുദ്ധ സഭയുടെ സ്ഥാപനമായ സജീവനം സെന്ററിലേക്ക് 48 ഭവനങ്ങളിൽ നിന്നും കഴിഞ്ഞ ഒരു വർഷമായി എല്ലാ വ്യാഴാഴ്ചയും സ്നേഹപൂർവം പൊതിച്ചോർ വിതരണം ചെയ്തു വരുന്നു.

സജീവനത്തിന്റെ ചുമതലക്കാരുടെ ക്ഷണപ്രകാരം, 48 ഭവനങ്ങളിലെ അംഗങ്ങൾ ജൂലൈ 23 വ്യാഴാഴ്ച സജീവനത്തിലെത്തി ഉച്ചനമസ്കാരം, സ്നേഹ വിരുന്ന് എന്നിവ നടത്തി.

ഇടവകയുടെ സഹ പട്ടക്കാരൻ ഫാ. ഫിലിപ്പ് സി. പോൾ, മാർ ഡയനീഷ്യസ് കരുതൽ പദ്ധതിയുടെ കോ-ഓർഡിനേറ്റർ സജി മാത്യു, സോണി വി. എ, മനു എന്നിവർ പ്രസംഗിച്ചു.

സൗജന്യ തൈറോയ്ഡ് ടെസ്റ്റ് ക്യാമ്പ്

യോർദ്ദാൻപുരം: മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിലെ SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ തൈറോയ്ഡ് ടെസ്റ്റ് ക്യാമ്പ് സംഘടിപ്പിക്കുന്നു. 2026 ജൂലൈ 26, ഞായറാഴ്ച രാവിലെ 9:45 മുതൽ ദേവാലയ ഓഡിറ്റോറിയത്തിൽ മെഡിക്കൽ ക്യാമ്പ് നടക്കും.

SDOF Bombay Diocesan Office bearers

Central rep. Dr. Reny Varghese (Thane), Saju Cherian (Malad), Jeslin philip (Powai).

Zonal Cordinators:

Pune - Elizabeth Joseph.
Kalyan - Shiju cherian
Malad - VargheseVarghese
Vashi - Peter K A
Dadar - Sunil Philip
Surat - Vimal Kuruvila

തേക്കുതോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ യൂണിറ്റ് പ്രവർത്തനങ്ങൾ കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.

സഭയുടെ ആത്മീയ ദൗത്യം എന്നത് സമൂഹത്തിലെ സജീവ പങ്കാളിത്തം

തേക്കുതോട്: സഭയുടെ ആത്മീയ ദൗത്യം എന്നത് സമൂഹത്തിലെ സജീവ പങ്കാളിത്തമാണെന്നും അത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ ഏബ്രഹാം പറഞ്ഞു. കുടുംബത്തിലും സമൂഹത്തിലും സാക്ഷ്യമായി ജീവിക്കുമ്പോഴാണ് സഭയുടെ വളർച്ച യാഥാർഥ്യമാകുന്നതെന്നും, ഓരോ എസ്.ഡി.ഒ.എഫ്. യൂണിറ്റും പ്രാർത്ഥനയ്ക്കും പഠനത്തിനും സേവനത്തിനും നേതൃത്വപരിശീലനത്തിനും പ്രാധാന്യം നൽകുന്ന ആത്മീയ കൂട്ടായ്മകളായി മാറണമെന്നും അദ്ദേഹം പറഞ്ഞു.

തേക്കുതോട് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇടവക വികാരി ഫാ. സി. എം. പ്രിൻസ് അദ്ധ്യക്ഷത വഹിച്ചു. തണ്ണിത്തോട് ഡിസ്ട്രിക്ട് കോർഡിനേറ്റർ കെ. വി. സാമുവൽ കിഴക്കേതിൽ, ഭദ്രാസന അസംബ്ലി അംഗം ലീബ ശങ്കരത്തിൽ, ഇടവക സെക്രട്ടറി വി. പി. പ്രിൻസ്. തുമ്പമൺ യൂണിറ്റ് സെക്രട്ടറി ജിജി ഇടിക്കുള, തേക്കുതോട് യൂണിറ്റ് വൈസ് പ്രസിഡന്റ് ഹാരീസ് സൈമൺ, യൂണിറ്റ് സെക്രട്ടറി ഷിബോജ് കെ. ജി., ജോ. സെക്രട്ടറി ടിന്റു ആന്റണി, ട്രഷറർ ഷൈനി ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

കുന്നംകുളം മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിലെ SDOF യൂണിറ്റിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം വികാരി ഫാ. ജോസഫ് ജോർജ് കെ., സെക്രട്ടറി ബെന്നി കൂത്തൂരിന് പ്രവർത്തന മാർഗ്ഗരേഖ നൽകിക്കൊണ്ട് നിർവഹിച്ചു.

സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് മുണ്ടക്കയം (പൈങ്ങനാപ്പള്ളി) യൂണിറ്റ് മീറ്റിംഗ് 19- 07-2026 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം പള്ളിയിൽ നടന്നു. വികാരി ഫാ. അനൂപ് ആൻഡ്രൂസ് ഐക്കരമറ്റത്തിൽ നേതൃത്വം നൽകി.

മൂലേടം സെന്റ്മേരീസ് പള്ളിയിലെ സെന്റ്ഡയനീഷ്യസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന കുടുംബ സംഗമ പരിപാടി വികാരി ഫാ. എബ്രഹാം വർഗീസ് ഉദ്ഘാടനം ചെയ്യുന്നു. സെക്രട്ടറി സിനു ചെറിയാൻ സ്വാഗതം ആശംസിച്ചു. ഫാ. ടി. സി. വർഗീസ്, ഇടവക സെക്രട്ടറി ടോബി വർഗീസ് ആശംസാ പ്രസംഗം നടത്തി. ബസേലിയോസ് കോളജ് പ്രൊഫസർ ഡോ. തോമസ് കുരുവിള ഫാമിലി ക്ലാസ്സ് എടുത്തു. ട്രഷറർ പ്രശാന്ത് മാത്യു നന്ദി പ്രകാശനം നടത്തി.

ഹരിതോത്സവം

അങ്കമാലി: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ വികാരി ഫാ. റിജോ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് SDOF യൂണിറ്റിന്റെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ പ്രശസ്ത യൂട്യൂബ് ഇൻഫ്ളുവൻസറും SDOF കേന്ദ്ര കമ്മിറ്റിയംഗവുമായ ബിൻസി ജെയിംസ് ഹരിതോത്സവം 2026 ഉദ്ഘാടനം ചെയ്തു.

SDOF യൂണിറ്റ് സെക്രട്ടറി മനു ജോർജ് കാർഷിക മേഖലയിൽ ഇടവകതലത്തിൽ നടത്തുന്ന കർമ്മ പരിപാടികൾ വിശദീകരിച്ചു.

SDOF ന്റെ നേതൃത്വത്തിൽ ഇടവകയിൽ നടത്തിയ കാർഷിക വിളവെടുപ്പ് മത്സരത്തിൽ കർഷകശ്രീ അവാർഡ് നേടിയ ജേക്കബ് പി. മാത്യുവിനെ ആദരിച്ചു. സൺഡേസ്കൂൾ കുട്ടികൾക്ക് വിത്ത് വിതരണവും ഇടവകാംഗങ്ങൾ കൊണ്ടുവന്ന കാർഷീക ഉൽപ്പന്നങ്ങളുടെ വിപണനമേളയും വൃക്ഷത്തൈ നടീലും നടന്നു. ഇടവക സെക്രട്ടറിയും ഹരിതോത്സവം കോ-ഓർഡിനേറ്ററുമായ സുജാ ബോണി, പ്രോഗ്രാം കോഡിനേറ്റർ ജിഷ സൂസൻ എന്നിവർ പ്രസംഗിച്ചു.

ആർദ്രതയെന്ന വികാരം വളർത്തിയെടുക്കണം: ഡോ. സഖറിയാസ് മാർ അപ്രേം

അടൂർ: ജീവിതത്തിൽ ആർദ്രതയെന്ന വികാരം വളർത്തിയെടുക്കണമെന്നും, ക്രിസ്തുവിനെപ്പോലെ ആകുവാൻ കഠിനാധ്വാനം ചെയ്യണമെന്നും അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. സഖറിയാസ് മാർ അപ്രേം ആഹ്വാനം ചെയ്തു. സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ഭദ്രാസന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹത്തിന് മാതൃകകളാകുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ ഡയനീഷ്യസ് ഫോറത്തിന് കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. തോമസ് മാത്യൂ അധ്യക്ഷത വഹിച്ചു. യോഗത്തിൽ അടൂർ ആർ.ഡി.ഒ. ബിനുരാജ് തെക്കേഭാഗത്ത് മുഖ്യ സന്ദേശം നൽകി.



"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

- പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

(അന്ത്യ കല്പനയിൽ നിന്നും)

വിതുര സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലെ SDOF ന്റെ നേതൃത്വത്തിൽ ജൂലൈ 19 ഞായറാഴ്ച പള്ളി അങ്കണത്തിൽ വച്ച് ലോക മെഡിസിറ്റി ഹോസ്പിറ്റലും അൽ-ഹിബ കണ്ണാശുപത്രിയും ചേർന്ന് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. വിതുര പഞ്ചായത്ത് പ്രസിഡന്റ് എസ്. സിന്ധു ഉദ്ഘാടനം ചെയ്ത ക്യാമ്പ് പ്രദേശവാസികളായ നൂറോളം പേർക്ക് പ്രയോജനപ്പെട്ടു. 'ഡയറ്റും ജീവിതവും' എന്ന വിഷയത്തെ ആസ്പദമാക്കി ഡയറ്റീഷൻ ഡോ. ജസ്‌ലിൻ ക്ലാസ് നയിച്ചു. ഇടവക വികാരി ഫാ. ജോസഫ് ചാക്കോ, വൈസ് പ്രസിഡന്റ് ലിബി മാത്യു, സെക്രട്ടറി മഞ്ജു ജോൺ എന്നിവർ പ്രസംഗിച്ചു.

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.

- പ. പരുമല തിരുമേനി